(സാധാ) നം.432/2024/HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കൊഴിഞ്ഞാമ്പാറ ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജിലെ മൈക്രോബയോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ ആയിരുന്ന ഡോ.പ്രീത.ആർ., ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത - OA(EKM)No.334/2024 - ലെ 04.03.2024 - ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.432/2024/HEDN തീയതി,തിരുവനന്തപുരം, 02-04-2024

---

പരാമർശം:-

1. 18.02.1981 - ലെ GO(P)48/81/GAD നമ്പർ ഉത്തരവ്
2. ഡോ.പ്രീത.ആർ., ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിരുന്ന 25.08.2023- ലെ നിവേദനം.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 20.09.2023, 13.11.2023 തീയതികളിലെ എ1/5650/2019/കോ.വി.വ നമ്പർ കത്തുകൾ
4. കേരള കാർഷിക സർവകലാശാലാ രജിസ്ട്രാറുടെ 18.11.2023 - ലെ കെഎയുജിഎ/5617/2023-ജിഎ-സി3(ii) നമ്പർ കത്ത്.
5. സർക്കാരിന്റെ 08.02.2024 - ലെ എഫ് 2/175/2023/ഉ.വി.വ നമ്പർ കത്ത്.
6. ഡോ.പ്രീത.ആർ., ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM)No.334/2024 - ലെ 04.03.2024 - ലെ ഉത്തരവ്.

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ, കൊഴിഞ്ഞാമ്പാറ ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജിൽ മൈക്രോബയോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ ആയിരിക്കെ 29.03.2019 - ൽ ടി തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് 30.03.2019 - ൽ, കേരള കാർഷിക സർവകലാശാലയിൽ ജോലിയിൽ പ്രവേശിച്ച ഡോ.പ്രീത.ആർ., മാതൃ വകുപ്പായ കോളേജ് വിദ്യാഭ്യാസ വകുപ്പിലേക്ക് തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം(2) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2.ഡോ.പ്രീത.ആർ - ന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ പുനഃനിയമനം നൽകുന്നതിനുള്ള ഒഴിവുകൾ നിലവിൽ മൈക്രോബയോളജി വിഭാഗത്തിൽ ഇല്ലെന്നും, ഡോ.പ്രീത.ആർ - ന് പുനർനിയമനം നൽകുന്നതിനുള്ള ആദ്യ ഒഴിവ് (വിരമിക്കൽ) 2026 കാലയളവിലാണ് ഉണ്ടാകുന്നതെന്നും, കൂടാതെ കേരള കാർഷിക സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ

തസ്തികയിൽ ടിയാരിയുടെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം ടി വിഷയത്തിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3.കേരള കാർഷിക സർവകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമിതരാകുന്നവർക്ക് കൺഫർമേഷൻ നൽകുന്ന രീതി ഇല്ലെന്നും,അവരുടെ സർവീസ് ക്രമീകരണവും പ്രൊബേഷൻ ഡിക്ലറേഷനുമാണ് നിലവിലുള്ളതെന്നും, അപ്രകാരം ഡോ.പ്രീത.ആർ., അസിസ്റ്റന്റ് പ്രൊഫസറുടെ സർവീസ് ക്രമീകരണവും പ്രൊബേഷൻ ഡിക്ലറേഷനും പൂർത്തീകരിച്ചിട്ടുണ്ടെന്ന് കേരള കാർഷിക സർവകലാശാല രജിസ്ട്രാർ പരാമർശം (4) പ്രകാരം അറിയിച്ചിരുന്നു.

4.തുടർന്ന് ഈ വിഷയം പരിശോധിക്കുകയും, ഡോ.പ്രീതയുടെ കോളേജ് വിദ്യാഭ്യാസ വകുപ്പിലേക്കുള്ള പുനർനിയമനം മൈക്രോബയോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒഴിവ് നിലവിൽ വരുന്ന മുറയ്ക്ക് പരിഗണിക്കുന്നതായിരിക്കും ഉചിതമെന്ന വിവരം പരാമർശം (5) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയും ചെയ്തിരുന്നു.

5.പ്രസ്തുത തീരുമാനത്തിനെതിരെ (Annexure A3) ടിയാരി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 334/2024 യിന്മേൽ പരാമർശം (6) - പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 8 പ്രകാരം അപേക്ഷകയ്ക്ക് മാതൃ വകുപ്പിലേക്ക് repatriation/reappointment നൽകുന്ന വിഷയം ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചക്കകം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. കൂടാതെ അപേക്ഷക കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിരുന്ന Annexure A1 നിവേദനം, കോടതി ഉത്തരവിനോടൊപ്പം സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് അപേക്ഷകയോടും ബഹു.കോടതി നിർദ്ദേശിച്ചിരുന്നു.കോടതി ഉത്തരവ് ഉൾപ്പെടെയുള്ള അപേക്ഷകയുടെ അപേക്ഷ 12.03.2024-ൽ സർക്കാരിൽ ലഭിച്ചിരുന്നു.

6.ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡോ.പ്രീത.ആർ - ന് , കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 8 പ്രകാരം മാതൃ വകുപ്പിലേക്ക് repatriation/reappointment നൽകുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 8 - ൽ പുന:നിയമനവുമായി ബന്ധപ്പെട്ട പൊതുവ്യവസ്ഥകളാണ് വിഭാവനം ചെയ്തിരിക്കുന്നത്.കേന്ദ്ര സർക്കാരിലേക്കോ മറ്റു സംസ്ഥാന സർക്കാർ സർവ്വീസിലേക്കോ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിലോ സംസ്ഥാന സർക്കാരിനു കീഴിലുള്ള യൂണിവേഴ്സിറ്റികളിലോ ജോലി നേടിപ്പോയതിന് ശേഷം തിരികെ സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കാൻ അപേക്ഷിച്ചിട്ടുള്ള സർക്കാർ ജീവനക്കാർക്ക് പുന:പ്രവേശനത്തിനുള്ള പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് പരാമർശം (1) - ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് വിടുതൽ ചെയ്ത് കേരള കാർഷിക സർവകലാശാലയിൽ ജോലിയിൽ പ്രവേശിച്ച ഡോ.പ്രീത.ആർ - ന്റെ കോളേജ് വിദ്യാഭ്യാസ വകുപ്പിലേക്കുള്ള പുന:നിയമനത്തിന് ബാധകമാകുന്നത് പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകളാണ്.

7. ഡോ.പ്രീതയുടെ പുനഃനിയമനകാര്യത്തിൽ കെ. എസ് & എസ്. എസ്. ആർ ഭാഗം II, ചട്ടം 8 ലെയോ, 18/02/1981 ലെ GO (P) 48/81/GAD നമ്പർ ഉത്തരവിലെയോ വ്യവസ്ഥകൾക്കുപരിയായി പുനഃനിയമനത്തിന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒഴിവില്ല എന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ടിയാരിയ്ക്ക് പുനഃനിയമനം നൽകിയാൽ. പ്രസ്തുത തസ്തികയിൽ ജൂനിയർ

മോസ്റ്റായിട്ടുള്ള ജീവനക്കാരനെ റിട്രഞ്ച് ചെയ്യേണ്ട സ്ഥിതിവിശേഷം സംജാതമാകുന്നതിന് ഇടയാക്കും. കൂടാതെ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 2 പ്രകാരം, മാതൃവകുപ്പിൽ നിന്ന് വിട്ടുനിന്ന കാലയളവ് മുൻ സർവീസ് നഷ്ടപ്പെടാത്തവിധം യാതൊരു സർവീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കാത്ത സർവീസ് ബ്രേക്ക് ആയി കണക്കാക്കുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൻ ഡോ.പ്രീത.ആർ., കാർഷിക സർവ്വകലാശാലയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ടിയാളെ വിടുതൽ ചെയ്തത് മൂലമുണ്ടായ ഒഴിവ് ഉൾപ്പെടെയുള്ള ഒഴിവുകളിലേക്ക് നിയമിതരായവരുടെ മേൽ പ്രത്യേകിച്ച് അവകാശവാദം ഉന്നയിക്കുന്നതിന് ടിയാൾക്ക് അർഹതയുണ്ടയിരിക്കുന്നതല്ല. ഡോ.പ്രീതയ്ക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ പുനഃനിയമനം നൽകുന്നതിനുള്ള ആദ്യ ഒഴിവ് 2026-കാലയളവിലാണ് ഉണ്ടാകുന്നതെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ,ടിയാരിയുടെ കോളേജ് വിദ്യാഭ്യാസ വകുപ്പിലേക്കുള്ള പുന:നിയമനം മൈക്രോബയോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒഴിവ് നിലവിൽ വരുന്ന മുറയ്ക്ക് പരിഗണിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി കൊണ്ട് ഡോ.പ്രീത.ആർ., ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM)No.334/2024 - ലെ 04.03.2024 - ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**അഡിഷണൽ സെക്രട്ടറി**

ഡോ.പ്രീത.ആർ.,അസിസ്റ്റന്റ് പ്രൊഫസ്സർ,സെന്റർ ഫോർ പ്ലാന്റ് ബയോടെക്നോളജി&മോളിക്യൂലർ ബയോളജി,കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളാനിക്കര,തൃശ്ശൂർ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ - ബി) വകുപ്പ് (ADV-B3/62/2024-പി&എ ആർഡി, തീയതി 18.03.2024 നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/175/2023-HEDN)

ഉത്തരവിൻ പ്രകാരം

Signed by

Asoka Kumari L

Date: 02-04-2024 16:36:44

സെക്ഷൻ ഓഫീസർ